/102646/2023

SJD/244/2023-C1

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :26-06-2023
Email -swdkerala@gmail.com
Phone : 0471 – 2306040

## സർക്കുലർ

വിഷയം: സാമൂഹ്യനീതി വകുപ്പ് - ഡയറക്ടറേറ്റ് - പ്രൊബേഷൻ ഓഫീസുകളിലെ കരാർ വാഹനങ്ങൾ ജില്ലാ സാമൂഹ്യനീതി ഓഫീസുകൾക്കു കൂടി വിട്ടു നൽകുന്നത് - സംബന്ധിച്ച്.

സൂചന: ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ അപേക്ഷ

സാമൂഹ്യനീതി വകുപ്പിന് കീഴിൽ 7 ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലെ വാഹനങ്ങളുടെ കാലാവധി 15 വർഷം പൂർത്തിയായിട്ടുണ്ട്. നിലവിൽ 15 വർഷം പൂർത്തിയായ വാഹനങ്ങൾ ഓടിക്കാൻ സാധിക്കാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. പ്രസ്തുത കാര്യാലയങ്ങളിൽ കരാർ വ്യവസ്ഥയിൽ വാഹനം ലഭ്യമാക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾക്കായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് . 7 ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ വാഹനം ഇല്ലാത്തതിനാൽ വളരെയധികം ബുദ്ധിമുട്ട് നേരിടുന്നുണ്ട് എന്നും ഫീൽഡ് തലത്തിൽ നിരവധി പ്രവർത്തനങ്ങൾ നടത്തേണ്ടുന്ന ജില്ല കാര്യാലയത്തിൽ വാഹനത്തിന്റെ അപര്യപ്തത മൂലം സമയബന്ധിതമായി പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നില്ലന്നും 23 / 06 / 2023 ന നടന്ന അവലോകന യോഗത്തിൽ ജില്ല ഓഫീസിർമാർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ളഓഫീസ് വാഹനം ഉപയോഗിച്ചുവന്നിരുന്ന ജില്ലാ സാമൂഹ്യ നീതി ഓഫീസുകളുടെ ഉപയോഗത്തിനായി, ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ഓഫീസുകളിൽ കരാർ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള വാഹനങ്ങൾ ആഴ്ചയിൽ രണ്ടു ദിവസം വിട്ടു നൽകുന്നതിന് നിർദേശിക്കുന്നു. മേല്പറഞ്ഞ ജില്ലാ ഓഫിസുകളിൽ വാഹനം അനുവദിക്കുന്നത് വരെ മേൽപ്പറഞ്ഞ ക്രമീകരണം തുടരുന്നതിനും നിർദേശിക്കുന്നു

**Signed by Chetan Kumar Meena**
**Date: 26-06-2023 10:22:29**

CHETAN KUMAR MEENA
സാമൂഹ്യനീതി ഡയറക്ടർ